പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2719

18.06.2018-ൽ മറുപടിക്ക്

## കൊട്ടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കൊട്ടുവള്ളി ആർ.ഒ.ബി (റെയിൽവേ ഓവർ ബ്രിഡ്ജ്) - യുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഈ പ്രവൃത്തിയിലുണ്ടായ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കൊട്ടുവള്ളി ആർ.ഒ.ബിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ ആറുമാസകാലയളവിൽ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ഡയറക്ട് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനായുള്ള DLFC ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 29.11.2017-ൽ രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 18.12.2017-ന് യോഗം ചേർന്ന് വില നിശ്ചയിച്ച് SLEC അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും വില പുന:പരിശോധിക്കുവാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 07.03.2018-ന് കമ്മിറ്റി വീണ്ടും ചേർന്നെങ്കിലും ഭൂമി വിലയുടെ കാര്യത്തിൽ തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. സമാന്തരമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കൈറോസ്, കണ്ണൂർ എന്ന ഏജൻസിയെ 21.12.2017-ൽ ഏൽപ്പിക്കുകയും പ്രസ്തുത ഏജൻസി 28.02.2018-ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ ഗ്രൂപ്പിനെ 30.04.2018 ന് രൂപീകരിക്കുകയും പ്രസ്തുത ഗ്രൂപ്പ് 09.05.2018 - ന് ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി). | നിലവിൽ ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണ് ഉള്ളതെന്നും ഇതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ജില്ലാ കളക്ടറാണ് സ്വീകരിക്കുന്നത്. |
| (സി). | കൊടുവള്ളി ആർ.ഒ.ബി.യുടെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സാങ്കേതികാനുമതി നൽകുക, ടെണ്ടർ നടപടി സ്വീകരിക്കുക, കരാർ വച്ച് പ്രവൃത്തി തുടങ്ങുക എന്നീ നടപടി ക്രമങ്ങൾ കൂടി ഉണ്ടായിരിക്കുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ